## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 41     27/02/2017 ൽ മറുപടിയ്ക്ക്**

**തീർപ്പ് കൽപ്പിക്കാത്ത ഫയലുകൾ**

ചോദ്യം — ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ — ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | വിവിധ വകുപ്പുകളിൽ തീർപ്പാകാത്ത ഫയലുകളുടെ എണ്ണം വർദ്ധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. ഫയലുകളുടെ എണ്ണവും തീർപ്പാക്കലും തമ്മിലുള്ള അനുപാതം പ്രതിമാസ പ്രവർത്തന റിപ്പോർട്ട് അനുസരിച്ച് വർദ്ധന കാണുന്നില്ല. തീർപ്പാക്കാനുള്ള ഫയലുകളുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2016 മെയ് 30 മുതൽ 2017 ജനുവരി 31 വരെയുള്ള എത്ര ഫയലുകൾ തീർപ്പുകൽപ്പിച്ചു ; ആഭ്യന്തരം, ധനകാര്യം, ജലവിഭവവകുപ്പ്, റവന്യൂ, കൃഷി, സഹകരണം, വൈദ്യുതി എന്നീ വകുപ്പുകളിൽ എത്ര പെന്റിംഗ് ഫയലുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | 2016 മെയ് 30 മുതൽ 2017 ജനുവരി 31 വരെയുള്ള പ്രതിമാസ പ്രവർത്തന റിപ്പോർട്ട് അനുസരിച്ച് 1,24,998 ഫയലുകളിൻമേൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.<br>ആഭ്യന്തരം, ധനകാര്യം, ജലവിഭവവകുപ്പ്, റവന്യൂ, കൃഷി, സഹകരണം, വൈദ്യുതി എന്നീ വകുപ്പുകളിൽ ഉള്ള പെന്റിംഗ് ഫയലുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>ആഭ്യന്തര വകുപ്പ് - 5695,<br>ധനകാര്യ വകുപ്പ് -13543,<br>ജലവിഭവവകുപ്പ് - 3945,<br>റവന്യൂ വകുപ്പ് - 10,415,<br>കൃഷി വകുപ്പ് -3675,<br>സഹകരണ വകുപ്പ് - 2514,<br>വൈദ്യുതി (ഊർജ്ജ വകുപ്പ്)-1236 |

സെക്ഷൻ ഓഫീസർ